**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3212** — **15.02.2013 - ൽ മറുപടിക്ക്**

**ദേശീയപാതാ വികസനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ജി. സുധാകരൻ**<br>**,, കെ. വി. അബ്ദുൾ ഖാദർ**<br>**,, കെ. കെ. നാരായണൻ**<br>**,, എം. ഹംസ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് ദേശീയപാതാ വികസനം ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്താമോ; | (എ) ദേശീയപാത 17 ഉം 47 ഉം (പുതിയ നമ്പർ എൻ.എച്ച്. 66) ചേർന്നുള്ള 669 കി.മീ. -ൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തമിഴ്നാട് അതിർത്തിവരെയുമുള്ള ഭാഗങ്ങളിലെ സ്ഥലമെടുപ്പ നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിൽ ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള ഭാഗം നാലുവരി പാതയായി വികസിപ്പിച്ചിട്ടുണ്ട്. എൻ.എച്ച്.47 -ന്റെ വാളയാർ മുതൽ ഇടപ്പള്ളി വരെയുള്ള (പുതിയ നമ്പർ എൻ.എച്ച്. 544) 160 കി.മീ. സ്ഥലമെടുപ്പ് പൂർത്തിയാക്കി, നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിൽ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള 72 കി.മീ. 4 വരിപാതയായി ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. ബാക്കിയുള്ള ദേശീയ പാതകളായ എൻ.എച്ച്. 49 (168 കി.മീ.), എൻ.എച്ച്. 208 (81 കി.മീ.), എൻ.എച്ച്. 212 (118 കി.മീ.), എൻ.എച്ച്. 213 (125 കി.മീ.) എൻ.എച്ച്.220 (190 കി.മീ.) ഇവ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപാതയായി പി.പി.പി. മോഡിൽ വികസിപ്പിക്കാനുള്ള സാധ്യതാ പഠനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ ദേശീയപാതാ വികസന പ്രവർത്തനങ്ങളിൽ നിന്ന് ദേശീയപാതാ വികസന അതോറിറ്റി പിൻവാങ്ങുന്നതായി അറിയിച്ചിട്ടുണ്ടോ; | (ബി) (സി) & (ഡി) | കേരളത്തിലെ ദേശീയപാതാ വികസനത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് കാര്യക്ഷമമായി നടത്താത്തപക്ഷം സംസ്ഥാനത്തെ ദേശീയപാതാ വികസന പദ്ധതികളിൽനിന്ന് പിന്മാറേണ്ടി വരുമെന്ന് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (ഡി) | ഇത്തരം ഒരു പിൻവാങ്ങലിനുണ്ടായ കാരണം എന്താണെന്ന് പരിശോധിക്കയുണ്ടായോ; | | |
| (ഇ) | എങ്കിൽ ഇതു പരിഹരിച്ച് അതോറിറ്റിയുടെ പ്രവർത്തനം തുടരുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | വർദ്ധിച്ചുവരുന്ന വാഹന ഗതാഗതത്തിനനുസരിച്ച് ദേശീയ പാതകളുടെ വികസനം സമയബന്ധിതമായി പൂർത്തിയാക്കിയാൽ മാത്രമേ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർണ്ണമാവുകയുള്ളൂ. നിലവിൽ BOT അടിസ്ഥാനത്തിലാണ് ദേശീയ പാതാവികസനം നടപ്പിലാക്കുവാൻ നിശ്ചയിച്ചിട്ടുള്ളതെങ്കിലും ഭൂമി സമയബന്ധിതമായി ഏറ്റെടുത്ത് എൻ.എച്ച്.എ.ഐ.യ്ക്ക് കൈമാറിയാൽ മാത്രമേ ദേശീയപാതാ വികസനം പ്രാവർത്തികമാവുകയുള്ളൂ. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 3A(1) നോട്ടിഫിക്കേഷന്റെ കാലാവധി ഒരു വർഷമാണ്. ആയത് 26.03.2013 -ൽ അവസാനിക്കും. ഭൂമി ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാധാരണ ഗതിയിൽ അലൈൻമെന്റ് സംബന്ധിച്ചുള്ള പരാതികൾ എൻ.എച്ച്.എ.ഐ.യാണ് പരിശോധിക്കുന്നതെങ്കിലും സർക്കാരിൽ നിരവധി |

പരാതികൾ ലഭിച്ച സാഹചര്യത്തിൽ 16.01.2013 -ലെ സ.ഉ.(സാധാ) നം.76/2013/ പൊമവ ഉത്തരവ് പ്രകാരം കെ.എസ്.റ്റി.പി. പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അലൈൻമെന്റ് സംബന്ധിച്ച പരാതികൾ പരിശോധിക്കുകയും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. ഇതു കൂടാതെ അലൈൻമെന്റ് സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും ഒരു ഉന്നതാധികാര സമിതി 11.02.2013 -ലെ സ.ഉ.(സാധാ) നം.208/2013/പൊമവ പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ